# Athmaraksha.org

വചനത്തിന്റെ ശക്തിയും, വിശ്വാസവും

## യേശു പ്രവർത്തിച്ച 37 അത്ഭുതങ്ങൾ വി.ബൈബിളിൽ




### 01 - കാനായിലെ വിവാഹ വിരുന്നിൽ വെള്ളം വീഞ്ഞാക്കി മാറ്റുന്നു.
(യോഹന്നാൻ 2:1-11)

1 മൂന്നാം ദിവസം, ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്നു നടന്നു. യേശുവിന്റെ അമ്മ
അവിടെയുണ്ടായിരുന്നു.2 യേശുവും ശിഷ്യൻമാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു.3 അവിടെ വീഞ്ഞു
തീർന്നുപോയപ്പോൾ യേശുവിന്റെ അമ്മ അവനോടു പറഞ്ഞു: അവർക്കു വീഞ്ഞില്ല.4 യേശു അവളോടു
പറഞ്ഞു: സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല.5 അവന്റെ അമ്മ
പരിചാരകരോടു പറഞ്ഞു: അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ.6 യഹൂദരുടെ
ശുദ്ധീകരണകർമത്തിനുള്ള വെള്ളം നിറയ്ക്കുന്ന ആറു കൽഭരണികൾ അവിടെ ഉണ്ടായിരുന്നു. ഓരോന്നിലും
രണ്ടോ മൂന്നോ അളവു കൊള്ളുമായിരുന്നു.7 ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ എന്ന് യേശു അവരോടു
കൽപിച്ചു. അവർ അവയെല്ലാം വക്കോളം നിറച്ചു.8 ഇനി പകർന്ന്9 കലവറക്കാരന്റെ അടുത്തു
കൊണ്ടുചെല്ലുവിൻ എന്ന് അവൻ പറഞ്ഞു. അവർ അപ്രകാരം ചെയ്തു. കലവറക്കാരൻ വീഞ്ഞായി മാറിയ
ആ വെള്ളം രുചിച്ചു നോക്കി. അത് എവിടെനിന്നാണെന്ന് അവൻ അറിഞ്ഞില്ല. എന്നാൽ, വെള്ളം
കോരിയ പരിചാരകർ അറിഞ്ഞിരുന്നു.10 അവൻ മണവാളനെ വിളിച്ചു പറഞ്ഞു: എല്ലാവരും മേൽത്തരം
വീഞ്ഞ് ആദ്യം വിളമ്പുന്നു, അതിഥികൾക്കു ലഹരിപിടിച്ചുകഴിയുമ്പോൾ താഴ്ന്നതരവും. എന്നാൽ, നീ നല്ല
വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ.11 യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനുപ്രവർത്തിച്ച
അടയാളങ്ങളുടെ ആരംഭമാണ്, ഗലീലിയിലെ കാനായിൽ ചെയ്ത ഈ അത്ഭുതം. അവന്റെ ശിഷ്യൻമാർ
അവനിൽ വിശ്വസിച്ചു.

### 02 - രാജസേവകന്റെ പുത്രനെ സുഖപ്പെടുത്തുന്നു.
(യോഹന്നാൻ 4:43-54)

43 രണ്ടു ദിവസം കഴിഞ്ഞ് അവൻ അവിടെനിന്നു ഗലീലിയിലേക്കു പോയി.44 പ്രവാചകൻ സ്വന്തം
നാട്ടിൽ ബഹുമാനിക്കപ്പെടുന്നില്ല എന്ന് യേശുതന്നെ സാക്ഷ്യപ്പെടുത്തിയിരുന്നു.45 അവൻ ഗലീലിയിൽ
വന്നപ്പോൾ ഗലീലിയാക്കാർ അവനെ സ്വാഗതം ചെയ്തു. എന്തെന്നാൽ, തിരുനാളിൽ അവൻ
ജറുസലെമിൽ ചെയ്ത കാര്യങ്ങൾ അവർ കണ്ടിരുന്നു. അവരും തിരുനാളിനു പോയിട്ടുണ്ടായിരുന്നു.46

അവൻ വീണ്ടും ഗലീലിയിലെ കാനായിലെത്തി. അവിടെവച്ചാണ് അവൻ വെള്ളം വീഞ്ഞാക്കിയത്. കഫർണാമിൽ ഒരു രാജസേവകൻ ഉണ്ടായിരുന്നു. അവന്റെ മകൻ രോഗബാധിതനായിരുന്നു.47 യേശു യൂദയായിൽ നിന്നു ഗലീലിയിലേക്കുവന്നെന്നു കേട്ടപ്പോൾ അവൻ ചെന്ന് തന്റെ ആസന്നമരണനായ മകനെ വന്നു സുഖപ്പെടുത്തണമെന്ന് അവനോട് അപേക്ഷിച്ചു.48 അപ്പോൾ യേശു പറഞ്ഞു: അടയാളങ്ങളും അത്ഭുതങ്ങളും കാണുന്നില്ലെങ്കിൽ നിങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ലല്ലോ.49 അപ്പോൾ, ആ രാജസേവകൻ അവനോട് അപേക്ഷിച്ചു: കർത്താവേ, എന്റെ മകൻ മരിക്കുംമുമ്പ് വരണമേ! യേശു പറഞ്ഞു:പൊയ്ക്കൊള്ളുക. നിന്റെ മകൻ ജീവിക്കും.50 യേശു പറഞ്ഞവചനം വിശ്വസിച്ച് അവൻ പോയി.51 പോകുംവഴി മകൻ സുഖം പ്രാപിച്ചിരിക്കുന്നു എന്ന വാർത്തയുമായി ഭൃത്യൻമാർ എതിരേ വന്നു.52 ഏതു സമയത്താണ് അവന്റെ സ്ഥിതി മെച്ചപ്പെട്ടത് എന്ന് അവൻ അന്വേഷിച്ചു. ഇന്നലെ ഏഴാം മണിക്കൂറിൽ പനി വിട്ടുമാറി എന്ന് അവർ പറഞ്ഞു.53 നിന്റെ മകൻ ജീവിക്കും എന്ന് യേശു പറഞ്ഞത് ആ മണിക്കൂറിൽത്തന്നെയാണെന്ന് ആ പിതാവു മനസ്സിലാക്കി; അവനും കുടുംബം മുഴുവനും വിശ്വസിച്ചു.54 ഇത് യൂദയായിൽനിന്നു ഗലീലിയിലേക്കു വന്നപ്പോൾ യേശു പ്രവർത്തിച്ച രണ്ടാമത്തെ അടയാളമാണ്.

## 03 - അശുദ്ധാത്മാവ് ബാധിച്ച ഒരുവനെ സുഖപ്പെടുത്തുന്നു.
(മാർക്കോസ് 1:21-28, ലൂക്കാ 4:31-37)

21 അവർ കഫർണാമിൽ എത്തി. സാബത്തുദിവസം അവൻ സിനഗോഗിൽ പ്രവേശിച്ചു പഠിപ്പിച്ചു.22
അവന്റെ പ്രബോധനത്തിൽ അവർ വിസ്മയഭരിതരായി. കാരണം, നിയമജ്ഞരെപ്പോലെയല്ല,
അധികാരമുള്ളവനെപ്പോലെയാണ് അവൻ പഠിപ്പിച്ചത്.23 അശുദ്ധാത്മാവു ബാധിച്ച ഒരുവൻ അവിടെ
ഉണ്ടായിരുന്നു.24 അവൻ അലറി: നസറായനായ യേശുവേ, നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ
ഇടപെടുന്നു? ഞങ്ങളെ നശിപ്പിക്കാനാണോ നീ വന്നിരിക്കുന്നത്? നീ ആരാണെന്ന് എനിക്കറിയാം -
ദൈവത്തിന്റെ പരിശുദ്ധൻ.25 യേശു അവനെ ശാസിച്ചു: നിശ്ശബ്ദനായിരിക്കുക; അവനെ വിട്ടു നീ
പുറത്തുവരുക.26 അശുദ്ധാത്മാവ് അവനെ തള്ളിവീഴ്ത്തിയിട്ട് ഉച്ചസ്വരത്തിൽ അലറിക്കൊണ്ടു
പുറത്തുവന്നു.27 എല്ലാവരും അത്ഭുതപ്പെട്ടു പരസ്പരം പറഞ്ഞു. ഇതെന്ത്? അധികാരത്തോടെയുള്ള പുതിയ
പ്രബോധനമോ? അശുദ്ധാത്മാക്കളോടുപോലും അവൻ ആജ്ഞാപിക്കുന്നു; അവ അനുസരിക്കുകയും
ചെയ്യുന്നു.28 അവന്റെ പ്രശസ്തി ഗലീലിയുടെ സമീപപ്രദേശങ്ങളിലെല്ലാം പെട്ടെന്നു വ്യാപിച്ചു.

## 04 -പത്രോസിന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തുന്നു.
(മത്തായി 8:14-15, മർക്കോസ് 1:29-31, ലൂക്കാ 4:38-39)

14 യേശു പത്രോസിന്റെ വീട്ടിലെത്തിയപ്പോൾ അവന്റെ അമ്മായിയമ്മ പനിപിടിച്ചു കിടക്കുന്നതു കണ്ടു.15
അവൻ അവളുടെ കൈയിൽ സ്പർശിച്ചു; പനി അവളെ വിട്ടുമാറി. അവൾ എഴുന്നേറ്റ് അവനെ ശുശ്രൂഷിച്ചു.

## 05 - അനേകം പിശാചു ബാധിതരെയും, രോഗികളെയും സുഖപ്പെടുത്തുന്നു.
(മത്തായി 8:16-17, മ ർക്കോസ് 1:32-34, ലൂക്കാ 4:40-41)

16 സായാഹ്നമായപ്പോൾ അനേകം പിശാചുബാധിതരെ അവർ അവന്റെയടുത്തു കൊണ്ടുവന്നു. അവൻ
അശുദ്ധാത്മാക്കളെ വചനംകൊണ്ടു പുറത്താക്കുകയും എല്ലാരോഗികളെയും സുഖപ്പെടുത്തുകയും ചെയ്തു.17
അവൻ നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയുംചെയ്തു എന്ന് ഏശയ്യാ
പ്രവചിച്ചത് അങ്ങനെ നിറവേറി.

## 06 - വള്ളങ്ങൾ മുങ്ങാറാകുവോളം വലനിറയെ മീൻ പിടിക്കുന്നു.
(ലൂക്കാ 5:1-11)

1 ദൈവവചനം ശ്രവിക്കാൻ ജനങ്ങൾ അവനു ചുറ്റും തിങ്ങിക്കൂടി. അവൻ ഗനേസറത്തു തടാകത്തിന്റെ
തീരത്തു നിൽക്കുകയായിരുന്നു.2 രണ്ടു വള്ളങ്ങൾ കരയോടടുത്ത് കിടക്കുന്നത് അവൻ കണ്ടു. മീൻ
പിടിത്തക്കാർ അവയിൽ നിന്നിറങ്ങി വല കഴുകുകയായിരുന്നു.3 ശിമയോന്റേതായിരുന്ന വള്ളങ്ങളിൽ
ഒന്ന്. യേശു അതിൽ കയറി. കരയിൽ നിന്ന് അൽപം അകലേക്കു വള്ളം നീക്കാൻ അവനോട് യേശു
ആവശ്യപ്പെട്ടു. അതിൽ ഇരുന്ന് അവൻ ജനങ്ങളെ പഠിപ്പിച്ചു.4 സംസാരിച്ചുതീർന്നപ്പോൾ അവൻ

ശിമയോനോടു പറഞ്ഞു: ആഴത്തിലേക്കു നീക്കി, മീൻ പിടിക്കാൻ വലയിറക്കുക.5 ശിമയോൻ പറഞ്ഞു:
ഗുരോ, രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഞങ്ങൾക്ക് ഒന്നും കിട്ടിയില്ല. എങ്കിലും നീ പറഞ്ഞതനുസരിച്ച്
ഞാൻ വലയിറക്കാം.6 വലയിറക്കിയപ്പോൾ വളരെയേറെ മത്സ്യങ്ങൾ അവർക്കു കിട്ടി. അവരുടെ വല
കീറിത്തുടങ്ങി.7 അവർ മറ്റേ വള്ളത്തിൽ ഉണ്ടായിരുന്ന കൂട്ടുകാരെ ആംഗ്യം കാണിച്ച് സഹായത്തിനു
വിളിച്ചു. അവർ വന്ന് രണ്ടു വള്ളങ്ങളും മുങ്ങാറാകുവോളം നിറച്ചു.8 ശിമയോൻപത്രോസ് ഇതു കണ്ടപ്പോൾ
യേശുവിന്റെ കാൽക്കൽ വീണ്, കർത്താവേ, എന്നിൽനിന്ന് അകന്നുപോകണമേ; ഞാൻ പാപിയാണ്
എന്നുപറഞ്ഞു.9 എന്തെന്നാൽ, തങ്ങൾക്കു കിട്ടിയ മീനിന്റെ പെരുപ്പത്തെപ്പറ്റി ശിമയോനും
കൂടെയുണ്ടായിരുന്നവരും അത്ഭുതപ്പെട്ടു.10 അതുപോലെതന്നെ, അവന്റെ പങ്കുകാരായ
സെബദീപുത്രന്മാർ - യാക്കോബും യോഹന്നാനും വിസ്മയിച്ചു. യേശു ശിമയോനോടു പറഞ്ഞു:
ഭയപ്പെടേണ്ടാ; നീ ഇപ്പോൾ മുതൽ മനുഷ്യരെപ്പിടിക്കുന്നവനാകും.11 വള്ളങ്ങൾ കരയ്ക്കടുപ്പിച്ചതിനുശേഷം
എല്ലാം ഉപേക്ഷിച്ച് അവർ അവനെ അനുഗമിച്ചു.

## 07 - കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു.
(മത്തായി 8:1-4, മർക്കോസ് 1:40-45, ലൂക്കാ 5:12-14)

1 യേശു മലയിൽനിന്ന് ഇറങ്ങിവന്നപ്പോൾ വലിയ ജനക്കൂട്ടം അവനെ അനുഗമിച്ചു.2 അപ്പോൾ ഒരു
കുഷ്ഠരോഗി അടുത്തുവന്ന് താണുവണങ്ങിപ്പറഞ്ഞു: കർത്താവേ, അങ്ങേക്കു മനസ്സുണ്ടെങ്കിൽ എന്നെ
ശുദ്ധനാക്കാൻ കഴിയും.3 യേശു കൈനീട്ടി അവനെ സ്പർശിച്ചുകൊണ്ട്, അരുളിച്ചെയ്തു: എനിക്കു മനസ്സുണ്ട്,
നിനക്കു ശുദ്ധിവരട്ടെ. തത്ക്ഷണം കുഷ്ഠം മാറി അവനു ശുദ്ധി വന്നു.4 യേശു അവനോടു പറഞ്ഞു: നീ ഇത്
ആരോടും പറയരുത്. പോയി നിന്നെത്തന്നെ പുരോഹിതനു കാണിച്ചുകൊടുക്കുകയും മോശ
കല്പിച്ചിട്ടുള്ള കാഴ്ച ജനത്തിന്റെ സാക്ഷ്യത്തിനായി സമർപ്പിക്കുകയും ചെയ്യുക.

## 08 - ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്നു. (മത്തായി 8:5-13, ലൂക്കാ 7:1-10)

5 യേശു കഫർണാമിൽ പ്രവേശിച്ചപ്പോൾ ഒരു ശതാധിപൻ അവന്റെ അടുക്കൽ വന്ന് യാചിച്ചു:6
കർത്താവേ, എന്റെ ഭൃത്യൻ തളർവാതം പിടിപെട്ട് കഠിനവേദന അനുഭവിച്ച്, വീട്ടിൽ കിടക്കുന്നു.7 യേശു
അവനോടു പറഞ്ഞു: ഞാൻ വന്ന് അവനെ സുഖപ്പെടുത്താം.8 അപ്പോൾ ശതാധിപൻ പ്രതിവചിച്ചു:
കർത്താവേ, നീ എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല. നീ ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം
മതി, എന്റെ ഭൃത്യൻ സുഖപ്പെടും.9 ഞാനും അധികാരത്തിനു കീഴ്പ്പെട്ടവനാണ്. എന്റെ കീഴിലും
പടയാളികളുണ്ട്. ഒരുവനോടു പോകുക എന്നുപറയുമ്പോൾ അവൻ പോകുന്നു. അപരനോടു വരുക
എന്നുപറയുമ്പോൾ അവൻ വരുന്നു. എന്റെ ദാസനോട് ഇതു ചെയ്യുക എന്നുപറയുമ്പോൾ അവൻ അതു
ചെയ്യുന്നു.10 യേശു ഇതുകേട്ട് ആശ്ചര്യപ്പെട്ട്, തന്നെ അനുഗമിച്ചിരുന്നവരോടു പറഞ്ഞു: സത്യമായി
ഞാൻ നിങ്ങളോടു പറയുന്നു, ഇതുപോലുള്ള വിശ്വാസം ഇസ്രായേലിൽ ഒരുവനിൽപോലും ഞാൻ
കണ്ടിട്ടില്ല.11 വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു, കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിരവധിയാളുകൾ
വന്ന് അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗരാജ്യത്തിൽ
വിരുന്നിനിരിക്കും.12 രാജ്യത്തിന്റെ മക്കളാകട്ടെ, പുറത്തുള്ള അന്ധകാരത്തിലേക്ക് എറിയപ്പെടും.
അവിടെ വിലാപവും പല്ലുകടിയുമായിരിക്കും.13 യേശു ശതാധിപനോടു പറഞ്ഞു: പൊയ്ക്കൊൾക; നീ
വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ. ആ സമയത്തുതന്നെ ഭൃത്യൻ സുഖം പ്രാപിച്ചു.

## 09 - തളർവാത രോഗിയെ സുഖപ്പെടുത്തുന്നു
(മത്തായി 9:1-8, മർക്കോസ് 2:1-12, ലൂക്കാ 5: 17-26)

1 യേശു തോണിയിൽകയറി കടൽ കടന്ന് സ്വന്തം പട്ടണത്തിലെത്തി.2 അവർ ഒരു തളർവാതരോഗിയെ
ശയ്യയോടെ അവന്റെ അടുക്കൽ കൊണ്ടുവന്നു. അവരുടെ വിശ്വാസംകണ്ട് അവൻ തളർവാതരോഗിയോട്
അരുളിച്ചെയ്തു: മകനേ, ധൈര്യമായിരിക്കുക; നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.3 അപ്പോൾ
നിയമജ്ഞരിൽ ചിലർ പരസ്പരം പറഞ്ഞു: ഇവൻ ദൈവദൂഷണം പറയുന്നു.4 അവരുടെ വിചാരങ്ങൾ
ഗ്രഹിച്ച യേശു ചോദിച്ചു: നിങ്ങൾ ഹൃദയത്തിൽ തിൻമ വിചാരിക്കുന്നതെന്ത്?5 ഏതാണ് എളുപ്പം, നിന്റെ
പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതോ എഴുന്നേറ്റു നടക്കുക എന്നു പറയുന്നതോ?6
ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്നു നിങ്ങൾ അറിയേണ്ടതിനാണിത്.

അനന്തരം, അവൻ തളർവാതരോഗിയോടു പറഞ്ഞു: എഴുന്നേറ്റ് നിന്റെ ശയ്യയുമെടുത്ത് വീട്ടിലേക്കു പോവുക.7 അവൻ എഴുന്നേറ്റ് വീട്ടിലേക്കു പോയി.8 ഇതുകണ്ട് ജനക്കൂട്ടം ഭയചകിതരായി. മനുഷ്യർക്ക് ഇത്തരം അധികാരം നൽകിയ ദൈവത്തെ മഹത്വപ്പെടുത്തി..

10 - കൈ ശോഷിച്ച ഒരുവനെ സുഖപ്പെടുത്തുന്നു.
(മത്തായി 12:9-14, മർക്കോസ് 3;1-6, ലൂക്കാ 6:6-11)

9 യേശു അവിടെനിന്നു യാത്രതിരിച്ച് അവരുടെ സിനഗോഗിലെത്തി.10 അവിടെ കൈശോഷിച്ച ഒരുവൻ
ഉണ്ടായിരുന്നു. യേശുവിൽ കുറ്റമാരോപിക്കണമെന്ന ഉദ്ദേശ്യത്തോടെ അവർ അവനോടു ചോദിച്ചു:
സാബത്തിൽ രോഗശാന്തി നൽകുന്നത് അനുവദനീയമാണോ?11 അവൻ പറഞ്ഞു: നിങ്ങളിലാരാണ്,
തന്റെ ആട് സാബത്തിൽ കുഴിയിൽ വീണാൽ പിടിച്ചു കയറ്റാത്തത്?12 ആടിനെക്കാൾ എത്രയേറെ
വിലപ്പെട്ടവനാണു മനുഷ്യൻ! അതിനാൽ, സാബത്തിൽ നൻമചെയ്യുക അനുവദനീയമാണ്.13
അനന്തരം, അവൻ ആ മനുഷ്യനോടു പറഞ്ഞു: കൈ നീട്ടുക. അവൻ കൈനീട്ടി. ഉടനെ അതു സുഖം
പ്രാപിച്ച് മറ്റേ കൈപോലെയായി.14 ഫരിസേയർ അവിടെനിന്നു പോയി, അവനെ
നശിപ്പിക്കേണ്ടതെങ്ങനെയെന്ന് ആലോചന നടത്തി.

11 - വിധവയുടെ ഏകപുത്രനെ പുനർജീവിപ്പിക്കുന്നു.
(ലൂക്കാ 7:11-17)

11 അതിനുശേഷം അവൻ നായിൻ എന്ന പട്ടണത്തിലേക്കു പോയി. ശിഷ്യൻമാരും വലിയ ഒരു
ജനക്കൂട്ടവും അവനെ അനുഗമിച്ചു.12 അവൻ നഗരകവാടത്തിനടുത്തെത്തിയപ്പോൾ, മരിച്ചുപോയ
ഒരുവനെ ചിലർ എടുത്തുകൊണ്ടുവരുന്നതു കണ്ടു. ഒരു വിധവയുടെ ഏകപുത്രനായിരുന്നു അവൻ .
പട്ടണത്തിൽനിന്ന് വലിയ ഒരു ജനക്കൂട്ടവും അവളോടൊപ്പം ഉണ്ടായിരുന്നു.13 അവളെക്കണ്ട്
മനസലിഞ്ഞ് കർത്താവ് അവളോടു പറഞ്ഞു: കരയേണ്ടാ.14 അവൻ മുന്നോട്ടു വന്ന് ശവമഞ്ചത്തിൻമേൽ
തൊട്ടു. അതു വഹിച്ചിരുന്നവർ നിന്നു. അപ്പോൾ അവൻ പറഞ്ഞു:യുവാവേ, ഞാൻ നിന്നോടു പറയുന്നു,
എഴുന്നേൽക്കുക.15 മരിച്ചവൻ ഉടനെ എഴുന്നേറ്റിരുന്നു. അവൻ സംസാരിക്കാൻ തുടങ്ങി. യേശു അവനെ
അമ്മയ്ക്ക് ഏൽപിച്ചു കൊടുത്തു16 എല്ലാവരും ഭയപ്പെട്ടു. അവർ ദൈവത്തെ സ്തുതിച്ചുകൊണ്ടു പറഞ്ഞു: ഒരു
വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ ഉദയംചെയ്തിരിക്കുന്നു. ദൈവം തന്റെ ജനത്തെ
സന്ദർശിച്ചിരിക്കുന്നു.17 അവനെപ്പറ്റിയുള്ള ഈ വാർത്തയൂദയാമുഴുവനിലും പരിസരങ്ങളിലും പരന്നു.

12 - കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു.
(മത്തായി 8:23-27, മർക്കോസ് 4:35-41, ലൂക്കാ 8:22-25)

23 യേശു തോണിയിൽ കയറിയപ്പോൾ ശിഷ്യൻമാർ അവനെ അനുഗമിച്ചു.24 കടലിൽ ഉഗ്രമായ
കൊടുങ്കാറ്റുണ്ടായി. തോണി മുങ്ങത്തക്കവിധം തിരമാലകൾ ഉയർന്നു. അവൻ ഉറങ്ങുകയായിരുന്നു.25
ശിഷ്യൻമാർ അടുത്തുചെന്ന് അവനെ ഉണർത്തി അപേക്ഷിച്ചു: കർത്താവേ, രക്ഷിക്കണമേ. ഞങ്ങൾ
ഇതാ, നശിക്കുന്നു.26 അവൻ പറഞ്ഞു: അൽപവിശ്വാസികളേ, നിങ്ങളെന്തിനു ഭയപ്പെടുന്നു? അവൻ
എഴുന്നേറ്റ്, കാറ്റിനെയും കടലിനെയുംശാസിച്ചു; വലിയ ശാന്തതയുണ്ടായി.27 അവർ
ആശ്ചര്യപ്പെട്ടുപറഞ്ഞു:ഇവൻ ആര്? കാറ്റും കടലുംപോലും ഇവനെ അനുസരിക്കുന്നവല്ലോ!

13 - പിശാചുബാധിതരെ സുഖപ്പെടുത്തുന്നു
(മത്താ 8: 28-33), മർക്കോസ് 5:1-20, ലൂക്കാ 8:26-39)

28 യേശു മറുകരെ, ഗദറായരുടെ ദേശത്തെത്തിയപ്പോൾ, ശവക്കല്ലറകളിൽനിന്ന് ഇറങ്ങിവന്ന രണ്ടു
പിശാചുബാധിതർ അവനെ കണ്ടുമുട്ടി. ആർക്കും ആ വഴി സഞ്ചരിക്കാൻ സാധിക്കാത്തവിധം അവർ
അപകടകാരികളായിരുന്നു.29 അവർ അട്ടഹസിച്ചുപറഞ്ഞു: ദൈവപുത്രാ, നീ എന്തിന് ഞങ്ങളുടെ
കാര്യത്തിൽ ഇടപെടുന്നു? സമയത്തിനുമുമ്പ് ഞങ്ങളെ പീഡിപ്പിക്കാൻ നീ ഇവിടെ
വന്നിരിക്കുകയാണോ?30 അവരിൽ നിന്ന് അൽപം അകലെ വലിയൊരു പന്നിക്കൂട്ടം
മേയുന്നുണ്ടായിരുന്നു.31 പിശാചുക്കൾ അവനോട് അപേക്ഷിച്ചു: നീ ഞങ്ങളെ പുറത്താക്കുന്നെങ്കിൽ ആ
പന്നിക്കൂട്ടത്തിലേക്കയയ്ക്കണമേ!32 അവൻ പറഞ്ഞു: പൊയ്ക്കൊള്ളുവിൻ. അവ പുറത്തുവന്നു പന്നികളിൽ

പ്രവേശിച്ചു.33 പന്നിക്കൂട്ടം മുഴുവൻ കിഴുക്കാംതൂക്കായ നിരത്തിലൂടെ പാഞ്ഞുചെന്ന് കടലിൽ മുങ്ങിച്ചത്തു.
പന്നിമേയ്ക്കുന്നവർ ഭയപ്പെട്ടോടി, പട്ടണത്തിലെത്തി, എല്ലാകാര്യങ്ങളും, പിശാചുബാധിതർക്കു
സംഭവിച്ചതും അറിയിച്ചു.34 അപ്പോൾ, പട്ടണം മുഴുവൻ യേശുവിനെ കാണാൻ പുറപ്പെട്ടുവന്നു. അവർ
അവനെ കണ്ടപ്പോൾ തങ്ങളുടെ അതിർത്തി വിട്ടുപോകണമെന്ന് അപേക്ഷിച്ചു.

14 - രക്തസ്രാവക്കാരിയെ സുഖപ്പെടുത്തുന്നു.
(മത്തായി 9:20-22, മർക്കോസ് 5:25-34, ലൂക്കാ 8:42-48)

20 പന്ത്രണ്ടു വർഷമായി രക്തസ്രാവം നിമിത്തം കഷ്ടപ്പെട്ടിരുന്ന ഒരു സ്ത്രീ പിന്നിലൂടെ വന്ന് അവന്റെ
വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ചു.21 അവന്റെ വസ്ത്രത്തിൽ ഒന്നു സ്പർശിച്ചാൽ മാത്രം മതി, എനിക്കു
സൗഖ്യം കിട്ടും എന്ന് അവൾ ഉള്ളിൽ വിചാരിച്ചിരുന്നു.22 യേശു തിരിഞ്ഞ് അവളെ നോക്കി
അരുളിച്ചെയ്തു: മകളേ, ധൈര്യമായിരിക്കുക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. ആ
നിമിഷംമുതൽ അവൾ സൗഖ്യമുള്ളവളായി.

15 - ജായ്റോസിന്റെ മകളെ പുനർജീവിപ്പിക്കുന്നു.
(മത്തായി 9:18-19, 23-26, മർക്കോസ് 5:21-24, 35-43, ലൂക്കാ 8:40-42,49-56)

18 അവൻ അവരോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഭരണാധികാരി അവനെ സമീപിച്ചു
താണുവണങ്ങിക്കൊണ്ടു പറഞ്ഞു: എന്റെ മകൾ അൽപം മുമ്പു മരിച്ചുപോയി. നീ വന്ന് അവളുടെമേൽ
കൈവയ്ക്കുമെങ്കിൽ അവൾ ജീവിക്കും.19 യേശുവും ശിഷ്യൻമാരും അവനോടൊപ്പം പോയി..23 യേശു
ഭരണാധികാരിയുടെ ഭവനത്തിലെത്തി, കുഴലൂത്തുകാരെയും ബഹളം വയ്ക്കുന്ന ജനങ്ങളെയും കണ്ട്
പറഞ്ഞു:24 നിങ്ങൾ പുറത്തുപോകുവിൻ; ബാലിക മരിച്ചിട്ടില്ല; അവൾ ഉറങ്ങുകയാണ്. അവരാകട്ടെ
അവനെ പരിഹസിച്ചു.25 ജനക്കൂട്ടത്തെ പുറത്താക്കിയശേഷം അവൻ അകത്തുകടന്ന്, അവളെ
കൈയ്ക്കുപിടിച്ച് ഉയർത്തി. അപ്പോൾ ബാലിക എഴുന്നേറ്റു.26 ഈ വാർത്ത ആ നാട്ടിലെങ്ങും പരന്നു.

16 - അന്ധർക്കു കാഴ്ച നൽകുന്നു
(മത്തായി 9:27-31)

27 യേശു അവിടെനിന്നു കടന്നുപോകുമ്പോൾ, രണ്ട് അന്ധന്മാർ, ദാവീദിന്റെ പുത്രാ, ഞങ്ങളിൽ
കനിയണമേ എന്നു കരഞ്ഞപേക്ഷിച്ചുകൊണ്ട് അവനെ അനുഗമിച്ചു.28 അവൻ
ഭവനത്തിലെത്തിയപ്പോൾ ആ അന്ധൻമാർ അവന്റെ സമീപം ചെന്നു. യേശു അവരോടു ചോദിച്ചു:
എനിക്ക് ഇതു ചെയ്യാൻ കഴിയുമെന്നു നിങ്ങൾ വിശ്വസിക്കുന്നുവോ? ഉവ്വ്, കർത്താവേ, എന്ന് അവർ
മറുപടി പറഞ്ഞു.29 നിങ്ങളുടെ വിശ്വാസംപോലെ നിങ്ങൾക്കു ഭവിക്കട്ടെ എന്നു പറഞ്ഞുകൊണ്ട് അവൻ
അവരുടെ കണ്ണുകളിൽ സ്പർശിച്ചു.30 അവരുടെ കണ്ണുകൾ തുറന്നു. ഇത് ആരും അറിയാനിടയാകരുത്
എന്ന് യേശു അവരോടു കർശനമായി നിർദേശിച്ചു.31 എന്നാൽ, അവർ പോയി അവന്റെ കീർത്തി
നാടെങ്ങും പരത്തി.

17 - ഊമനെ സുഖമാക്കുന്നു.
(മത്തായി 9:32-34)

32 അവർ പൊയ്ക്കഴിഞ്ഞപ്പോൾ പിശാചുബാധിതനായ ഒരു ഊമനെ ജനങ്ങൾ അവന്റെയടുക്കൽ
കൊണ്ടുവന്നു.33 അവൻ പിശാചിനെ പുറത്താക്കിയപ്പോൾ ആ ഊമൻ സംസാരിച്ചു. ജനങ്ങൾ
അദ്ഭുതപ്പെട്ടു പറഞ്ഞു: ഇതുപോലൊരു സംഭവം ഇസ്രായേലിൽ ഒരിക്കലും കണ്ടിട്ടില്ല.34 എന്നാൽ,
ഫരിസേയർ പറഞ്ഞു: അവൻ പിശാചുക്കളുടെ തലവനെക്കൊണ്ടാണ് പിശാചുക്കളെ
ബഹിഷ്കരിക്കുന്നത്.

18 - 38 വർഷമായി ബേത്സഥായിലെ കുളക്കരയിൽ കിടന്ന ഒരുവനെ
സുഖപ്പെടുത്തുന്നു. (യോഹ.1 5:1-5)

1 ഇതിനുശേഷം, യഹൂദരുടെ ഒരു തിരുനാളിന് യേശു ജറുസലെമിലേക്കു പോയി.2 ജറുസലെമിൽ
രാജകവാടത്തിനടുത്ത് ഹെബ്രായഭാഷയിൽ ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളമുണ്ടായിരുന്നു;
അതിന് അഞ്ചുമണ്ഡപങ്ങളും.4 അവിടെ കുരുടരും മുടന്തരും തളർവാതക്കാരുമായ അനേകം രോഗികൾ
കിടന്നിരുന്നു.5 മുപ്പത്തിയെട്ടു വർഷമായി രോഗിയായിരുന്ന ഒരുവൻ അവിടെയുണ്ടായിരുന്നു.6 അവൻ
അവിടെ കിടക്കുന്നത് യേശു കണ്ടു. അവൻ വളരെ നാളായി കിടപ്പിലാണെന്ന് അറിഞ്ഞ് യേശു ചോദിച്ചു:
സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ?7 അവൻ പറഞ്ഞു: കർത്താവേ, വെള്ളമിളകുമ്പോൾ
എന്നെ കുളത്തിലേക്കിറക്കാൻ ആരുമില്ല. ഞാൻ എത്തുമ്പോഴേക്കും മറ്റൊരുവൻ വെള്ളത്തിൽ
ഇറങ്ങിക്കഴിഞ്ഞിരിക്കും.8 യേശു അവനോടു പറഞ്ഞു: എഴുന്നേറ്റു കിടക്കയെടുത്തു നടക്കുക.9 അവൻ
തത്ക്ഷണം സുഖം പ്രാപിച്ച് കിടക്കയെടുത്തു നടന്നു. അന്ന് സാബത്ത് ആയിരുന്നു.10 അതിനാൽ,
സുഖംപ്രാപിച്ച ആ മനുഷ്യനോടു യഹൂദർ പറഞ്ഞു: ഇന്നു സാബത്താകയാൽ കിടക്ക ചുമക്കുന്നത്
നിഷിദ്ധമാണ്.11 അവൻ മറുപടി പറഞ്ഞു: എന്നെ സുഖപ്പെടുത്തിയവൻ നിന്റെ കിടക്കയെടുത്തു നടക്കുക
എന്ന് എന്നോടു പറഞ്ഞു.12 അപ്പോൾ അവർ ചോദിച്ചു: കിടക്കയെടുത്തു നടക്കുക എന്ന് നിന്നോടു
പറഞ്ഞവൻ ആരാണ്?13 അവിടെ ഉണ്ടായിരുന്ന ജനക്കൂട്ടത്തിൽ യേശു മറഞ്ഞുകഴിഞ്ഞിരുന്നതിനാൽ
അവൻ ആരാണെന്നു സുഖം പ്രാപിച്ചവൻ അറിഞ്ഞിരുന്നില്ല.14 പിന്നീട് യേശു ദേവാലയത്തിൽവച്ച്
അവനെ കണ്ടപ്പോൾ പറഞ്ഞു: ഇതാ, നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ മോശമായതൊന്നും
സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത്.15 അവൻ പോയി, യേശുവാണു തന്നെ
സുഖപ്പെടുത്തിയതെന്ന് യഹൂദരെ അറിയിച്ചു.

## 19 - അഞ്ച് അപ്പം കൊണ്ട് അയ്യായിരം പേർ ഭക്ഷിച്ചു തൃപ്തരാകുന്നു.
(യോഹന്നാൻ. 6:1-14, മത്തായി. 14:13-21, മർക്കോസ്. 6:30-44,ലൂക്ക 9:10-17)

1 യേശു തിബേരിയാസ് എന്നുകൂടി വിളിക്കപ്പെടുന്ന ഗലീലിക്കടലിന്റെ മറുകരയിലേക്കു പോയി.2 വലിയ
ഒരു ജനക്കൂട്ടം അവനെ അനുഗമിച്ചു. കാരണം, രോഗികളിൽ അവൻ പ്രവർത്തിച്ച അടയാളങ്ങൾ അവർ
കണ്ടിരുന്നു.3 യേശു മലയിലേക്കു കയറി ശിഷ്യൻമാരോടുകൂടെ അവിടെയിരുന്നു.4 യഹൂദരുടെ
പെസഹാത്തിരുനാൾ അടുത്തിരുന്നു.5 യേശു കണ്ണുകളുയർത്തി ഒരു വലിയ ജനതതി തന്റെ അടുത്തേക്കു
വരുന്നതു കണ്ടു. അവൻ പീലിപ്പോസിനോടു ചോദിച്ചു: ഇവർക്കു ഭക്ഷിക്കുവാൻ നാം എവിടെനിന്ന് അപ്പം
വാങ്ങും?6 അവനെ പരീക്ഷിക്കാനാണ് യേശു ഇങ്ങനെ ചോദിച്ചത്. എന്തു ചെയ്യണമെന്ന് യേശു
നേരത്തെ മനസ്സിൽ കരുതിയിരുന്നു.7 പീലിപ്പോസ് മറുപടി പറഞ്ഞു: ഓരോരുത്തർക്കും അൽപം
വീതം കൊടുക്കുവാൻ ഇരുനൂറു ദനാറയ്ക്കുള്ള അപ്പംപോലും തികയുകയില്ല.8 ശിഷ്യൻമാരിലൊരുവനും
ശിമയോൻ പത്രോസിന്റെ സഹോദരനുമായ അന്ത്രയോസ് അവനോടു പറഞ്ഞു:9 അഞ്ചു ബാർലിയപ്പവും
രണ്ടു മീനും കൈവശമുള്ള ഒരു കുട്ടി ഇവിടെയുണ്ട്. എന്നാൽ, ഇത്രയും പേർക്ക് അതെന്തുണ്ട്?10 യേശു
പറഞ്ഞു: ആളുകളെയെല്ലാം ഭക്ഷണത്തിനിരുത്തുവിൻ. ആ സ്ഥലത്തു പുല്ലു തഴച്ചുവളർന്നിരുന്നു.
അയ്യായിരത്തോളം വരുന്ന പുരുഷൻമാർ അവിടെ ഇരുന്നു.11 അനന്തരം യേശു അപ്പമെടുത്ത്
കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കു വിതരണം ചെയ്തു; അതുപോലെതന്നെ മീനും
വേണ്ടത്രനൽകി.12 അവർ ഭക്ഷിച്ചു തൃപ്തരായപ്പോൾ അവൻ ശിഷ്യൻമാരോടു പറഞ്ഞു: ഒന്നും
നഷ്ടപ്പെടാതെ മിച്ചമുള്ള കഷണങ്ങളെല്ലാം ശേഖരിക്കുവിൻ.13 അഞ്ചു ബാർലിയപ്പത്തിൽനിന്നു ജനങ്ങൾ
ഭക്ഷിച്ചതിനുശേഷം മിച്ചം വന്ന കഷണങ്ങൾ പന്ത്രണ്ടു കുട്ട നിറയെ അവർ ശേഖരിച്ചു. അവൻ
പ്രവർത്തിച്ച അടയാളം കണ്ട ജനങ്ങൾ പറഞ്ഞു:14 ലോ കത്തിലേക്കു വരാനിരുന്ന പ്രവാചകൻ
സത്യമായും ഇവനാണ്.

## 20 - യേശു വെള്ളത്തിനു മീതെ നടക്കുന്നു.
(യോഹന്നാൻ 6:16-22, മത്തായി 14:22-33, മർക്കോസ് 6:4552)

16 വൈകുന്നേരമായപ്പോൾ അവന്റെ ശിഷ്യൻമാർ കടൽക്കരയിലേക്കു പോയി.17 അവർ ഒരു
വള്ളത്തിൽ കയറി കടലിനക്കരെ കഫർണാമിലേക്കു പുറപ്പെട്ടു. അപ്പോൾ നേരം ഇരുട്ടിത്തുടങ്ങി; യേശു
അവരുടെ അടുക്കലെത്തിയിരുന്നുമില്ല.18 ശക്തിയേറിയ കാറ്റടിച്ചിരുന്നതുകൊണ്ട് കടൽ ക്ഷോഭിച്ചു.19
ഇരുപത്തഞ്ചോ മുപ്പതോ സ്താദിയോൺ ദൂരം തണ്ടു വലിച്ചു കഴിഞ്ഞപ്പോൾ യേശു കടലിനുമീതേ നടന്ന്
വള്ളത്തെ സമീപിക്കുന്നതു കണ്ട് അവർ ഭയപ്പെട്ടു.20 അവൻ അവരോടു പറഞ്ഞു: ഞാനാണ്;
ഭയപ്പെടേണ്ടാ.21 അവനെ വള്ളത്തിൽ കയറ്റാൻ അവരാഗ്രഹിച്ചു. പെട്ടെന്ന് വള്ളം അവർ ലക്ഷ്യം

വച്ചിരുന്ന കരയ്ക്ക് അടുത്തു.22 അവിടെ ഒരു വള്ളം മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നും ശിഷ്യൻമാരോടുകൂടി യേശു അതിൽ കയറിയിരുന്നില്ല എന്നും ശിഷ്യൻമാർ തനിയേ ആണ് പോയതെന്നും കടലിന്റെ മറുകരെ നിന്ന ആളുകൾ പിറ്റേദിവസം മനസ്സിലാക്കി.

21 - ഗനേസറത്തിൽ അനേകം രോഗികൾ സുഖം പ്രാപിക്കുന്നു.
(മത്തായി 14:34-36, മർക്കോസ് 6:53-56)

34 അവർ കടൽ കടന്ന് ഗനേസറത്തിലെത്തി.35 അവിടത്തെ ജനങ്ങൾ അവനെ തിരിച്ചറിഞ്ഞ്, ചുറ്റുമുള്ള
നാട്ടിലെല്ലാം ആളയച്ച്, സകല രോഗികളെയും അവന്റെ അടുത്തു കൊണ്ടുവന്നു.36 അവന്റെ വസ്ത്രത്തിന്റെ
വിളുമ്പിൽ ഒന്നു തൊടാനെങ്കിലും അനുവദിക്കണമെന്ന് അവർ അവനോടപേക്ഷിച്ചു. സ്പർശിച്ചവരെല്ലാം സുഖം പ്രാപിക്കുകയുംചെയ്തു.

22 - കാനാൻകാരിയുടെ മകളെ പിശാച് ബാധയിൽ നിന്ന് സുഖപ്പെടുത്തുന്നു.
(മത്തായി 15:21-28, മർക്കോസ് 7:24-30)

21 യേശു അവിടെ നിന്നു പുറപ്പെട്ട് ടയിർ, സീദോൻ എന്നീ പ്രദേശങ്ങളിലെത്തി.22 അപ്പോൾ ആ
പ്രദേശത്തുനിന്ന് ഒരു കാനാൻകാരി വന്നു കരഞ്ഞപേക്ഷിച്ചു: കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ
കനിയണമേ! എന്റെ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു.23 എന്നാൽ, അവൻ ഒരു
വാക്കുപോലും ഉത്തരം പറഞ്ഞില്ല. ശിഷ്യൻമാർ അവനോട് അഭ്യർഥിച്ചു: അവളെ പറഞ്ഞയച്ചാലും; അവൾ നമ്മുടെ പിന്നാലെ വന്നു നിലവിളിക്കുന്നല്ലോ.24 അവൻ മറുപടി പറഞ്ഞു: ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്.25 എന്നാൽ,
അവൾ അവനെ പ്രണമിച്ച് കർത്താവേ, എന്നെ സഹായിക്കണമേ എന്ന് അപേക്ഷിച്ചു.26 അവൻ
പറഞ്ഞു: മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് ഉചിതമല്ല.27 അവൾ പറഞ്ഞു: അതേ, കർത്താവേ, നായ്ക്കളും യജമാനൻമാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പക്കഷണങ്ങൾ
തിന്നുന്നുണ്ടല്ലോ.28 യേശു പറഞ്ഞു: സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ. ആ സമയംമുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി.

23 - ബധിരനെ സുഖപ്പെടുത്തുന്നു.
(മർക്കോസ് 7:31-37)

31 അവൻ ടയിർപ്രദേശത്തുനിന്നു പുറപ്പെട്ട്, സീദോൻ കടന്ന്, ദെക്കാപ്പോളീസ് പ്രദേശത്തുകൂടെ
ഗലീലിക്കടൽത്തീരത്തേക്കുപോയി.32 ബധിരനും സംസാരത്തിനു തടസ്സമുണ്ടായിരുന്നവനുമായ ഒരുവനെ അവർ അവന്റെ യടുത്തു കൊണ്ടുവന്നു. അവന്റെ മേൽ കൈകൾവയ്ക്കണമെന്ന് അവർ
അവനോട് അപേക്ഷിച്ചു.33 യേശു അവനെ ജനക്കൂട്ടത്തിൽനിന്നു മാറ്റിനിർത്തി, അവന്റെ ചെവികളിൽ
വിരലുകളിട്ടു; തുപ്പലുകൊണ്ട് അവന്റെ നാവിൽ സ്പർശിച്ചു.34 സ്വർഗത്തിലേക്കു നോക്കി
നെടുവീർപ്പിട്ടുകൊണ്ട് അവനോടു പറഞ്ഞു: എഫ്ഫാത്ത - തുറക്കപ്പെടട്ടെ എന്നർഥം.35 ഉടനെ അവന്റെ
ചെവികൾ തുറന്നു. നാവിന്റെ കെട്ടഴിഞ്ഞു. അവൻ സ്ഫുടമായി സംസാരിച്ചു.36 ഇക്കാര്യം ആരോടും പറയരുതെന്ന് അവൻ അവരെ വിലക്കി. എന്നാൽ, എത്രയേറെ അവൻ വിലക്കിയോ അത്രയേറെ
ശുഷ്കാന്തിയോടെ അവർ അതു പ്രഘോഷിച്ചു.37 അവർ അളവറ്റ വിസ്മയത്തോടെ പറഞ്ഞു: അവൻ
എല്ലാക്കാര്യങ്ങളും നന്നായിച്ചെയ്യുന്നു; ബധിരർക്കു ശ്രവണശക്തിയും ഊമർക്കു സംസാര ശക്തിയും നൽകുന്നു.

24 - ഏഴ് അപ്പം കൊണ്ട് നാലായിരം പേർ ഭക്ഷിച്ചു തൃപ്തരാകുന്നു.
(മത്തായി 15:32-39, മർക്കോസ് 8:1-13)

32 യേശു ശിഷ്യൻമാരെ വിളിച്ചു പറഞ്ഞു: ഈ ജനക്കൂട്ടത്തോട് എനിക്ക് അനുകമ്പതോന്നുന്നു. മൂന്നു
ദിവസമായി അവർ എന്നോടുകൂടെയാണ്; അവർക്കു ഭക്ഷിക്കാൻയാതൊന്നുമില്ല. വഴിയിൽ അവർ
തളർന്നു വീഴാനിടയുള്ളതിനാൽ ആഹാരം നൽകാതെ അവരെ പറഞ്ഞയയ്ക്കാൻ എനിക്കു

മനസ്സുവരുന്നില്ല.33 ശിഷ്യൻമാർ ചോദിച്ചു: ഇത്ര വലിയ ജനക്കൂട്ടത്തെ തൃപ്തിപ്പെടുത്താൻ വേണ്ടത്ര
അപ്പം ഈ മരുഭൂമിയിൽ എവിടെ നിന്നു കിട്ടും?34 യേശു അവരോടു ചോദിച്ചു: നിങ്ങളുടെ പക്കൽ എത്ര
അപ്പമുണ്ട്? അവർ പറഞ്ഞു: ഏഴ്, കുറെ ചെറിയ മത്സ്യവും ഉണ്ട്.35 ജനക്കൂട്ടത്തോടു നിലത്തിരിക്കാൻ
ആജ്ഞാപിച്ചിട്ട്,36 അവൻ ഏഴപ്പവും മത്സ്യവും എടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്തു, മുറിച്ച്
ശിഷ്യൻമാരെ ഏൽപിച്ചു. ശിഷ്യൻമാർ അതു ജനക്കൂട്ടങ്ങൾക്കു വിളമ്പി. അവർ ഭക്ഷിച്ചു തൃപ്തരായി.37
ബാക്കിവന്ന കഷണങ്ങൾ ഏഴു കുട്ടനിറയെ അവർ ശേഖരിച്ചു.38 ഭക്ഷിച്ചവർ സ്ത്രീകളും കുട്ടികളുമൊഴികെ
നാലായിരം പുരുഷൻമാരായിരുന്നു.39 ജനക്കൂട്ടത്തെ പറഞ്ഞയച്ചിട്ട് അവൻ വഞ്ചിയിൽ കയറി മഗദാൻ
പ്രദേശത്തേക്കു പോയി.

## 25 - അന്ധനു കാഴ്ച നൽകുന്നു.
(മർക്കോസ് 8:22-26)

22 പിന്നീട് അവൻ ബേത്സയ്ദായിലെത്തി. കുറെപ്പേർ ഒരു അന്ധനെ അവന്റെ യടുത്തു കൊണ്ടുവന്ന്,
അവനെ സ്പർശിക്കണമെന്ന് യേശുവിനോട് അപേക്ഷിച്ചു.23 അവൻ അന്ധനെ കൈയ്ക്കുപിടിച്ച്
ഗ്രാമത്തിനു വെളിയിലേക്കു കൊണ്ടുപോയി. അവന്റെ കണ്ണുകളിൽ തുപ്പിയശേഷം അവന്റെ മേൽ
കൈകൾ വച്ചുകൊണ്ടു ചോദിച്ചു: നീ എന്തെങ്കിലും കാണുന്നുണ്ടോ?24 നോക്കിയിട്ട് അവൻ പറഞ്ഞു:
ഞാൻ മനുഷ്യരെ കാണുന്നുണ്ട്. അവർ മരങ്ങളെപ്പോലിരിക്കുന്നു; നടക്കുന്നതായും കാണുന്നു.25 വീണ്ടും
യേശു അവന്റെ കണ്ണുകളിൽ കൈകൾ വച്ചു. അവൻ സൂക്ഷിച്ചു നോക്കി; കാഴ്ച തിരിച്ചുകിട്ടുകയുംചെയ്തു.
അവൻ എല്ലാ വസ്തുക്കളും വ്യക്തമായി കണ്ടു.26 ഗ്രാമത്തിൽ പ്രവേശിക്കുകപോലും ചെയ്യരുത് എന്നു
പറഞ്ഞ് യേശു അവനെ വീട്ടിലേക്ക് അയച്ചു.

## 26 - ജന്മനാ അന്ധനായ ഒരുവനു കാഴ്ച നൽകുന്നു.
(യോഹന്നാൻ 9:1-12)

1 അവൻ കടന്നുപോകുമ്പോൾ, ജന്മനാ അന്ധനായ ഒരുവനെ കണ്ടു.2 ശിഷ്യൻമാർ യേശുവിനോടു
ചോദിച്ചു: റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്, ഇവന്റെയോ ഇവന്റെ
മാതാപിതാക്കൻമാരുടെയോ?3 യേശു മറുപടി പറഞ്ഞു: ഇവന്റെയോ ഇവന്റെ
മാതാപിതാക്കൻമാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ
പ്രകടമാകേണ്ടതിനാണ്.4 എന്നെ അയച്ചവന്റെ പ്രവൃത്തികൾ പകലായിരിക്കുവോളം നാം
ചെയ്യേണ്ടിയിരിക്കുന്നു. ആർക്കും ജോലിചെയ്യാൻ കഴിയാത്ത രാത്രി വരുന്നു.5
ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്.6 ഇതു പറഞ്ഞിട്ട് അവൻ നിലത്തു
തുപ്പി; തുപ്പൽകൊണ്ടു ചെളിയുണ്ടാക്കി, അവന്റെ കണ്ണുകളിൽ പൂശിയിട്ട്,7 അവനോടു പറഞ്ഞു: നീ പോയി
സീലോഹാ - അയയ്ക്കപ്പെട്ടവൻ എന്നർഥം - കുളത്തിൽ കഴുകുക. അവൻ പോയി കഴുകി,
കാഴ്ചയുള്ളവനായി തിരിച്ചുവന്നു.8 അയൽക്കാരും അവനെ മുമ്പുയാചകനായി കണ്ടിട്ടുള്ളവരും പറഞ്ഞു:
ഇവൻതന്നെയല്ലേ, അവിടെയിരുന്നു ഭിക്ഷയാചിച്ചിരുന്നവൻ?9 ചിലർ പറഞ്ഞു: ഇവൻതന്നെ, മറ്റുചിലർ
പറഞ്ഞു: അല്ല, ഇവൻ അവനെപ്പോലെയിരിക്കുന്നു എന്നേയുള്ളു. എന്നാൽ അവൻ പറഞ്ഞു: ഞാൻ
തന്നെ.10 അപ്പോൾ അവർ അവനോടു ചോദിച്ചു: എങ്ങനെയാണു നിന്റെ കണ്ണുകൾ തുറക്കപ്പെട്ടത്?11
അവൻ പറഞ്ഞു: യേശു എന്നു പേരുള്ള മനുഷ്യൻ ചെളിയുണ്ടാക്കി എന്റെ കണ്ണുകളിൽ പുരട്ടി,
സീലോഹായിൽ പോയി കഴുകുക എന്നു പറഞ്ഞു. ഞാൻ പോയി കഴുകി; എനിക്കു കാഴ്ച ലഭിച്ചു.12
എന്നിട്ട് അവനെവിടെ എന്ന് അവർ ചോദിച്ചു. എനിക്കറിഞ്ഞുകൂടാ എന്ന് അവൻ മറുപടി പറഞ്ഞു.

## 27 - അപസ്മാര രോഗിയെ സുഖപ്പെടുത്തുന്നു.
(മത്തായി. 17:14-21, മർക്കോസ് 9:14-29, ലൂക്കാ. 9:37-43)

14 അവർ ജനക്കൂട്ടത്തിന്റെ അടുത്തേക്കു വന്നപ്പോൾ ഒരാൾ കടന്നുവന്ന് അവന്റെ സന്നിധിയിൽ
പ്രണമിച്ചുകൊണ്ടു പറഞ്ഞു:15 കർത്താവേ, എന്റെ പുത്രനിൽ കനിയണമേ; അവൻ അപസ്മാരം
പിടിപെട്ട് വല്ലാതെ കഷ്ടപ്പെടുന്നു. പലപ്പോഴും അവൻ തീയിലും വെള്ളത്തിലും വീഴുന്നു.16 ഞാൻ അവനെ
നിന്റെ ശിഷ്യൻമാരുടെ അടുത്തുകൊണ്ടുവന്നു. പക്ഷേ, അവനെ സുഖപ്പെടുത്താൻ അവർക്കു
കഴിഞ്ഞില്ല.17 യേശു പ്രതിവചിച്ചു: വിശ്വാസമില്ലാത്തതും വഴിപിഴച്ചതുമായ തലമുറയേ, എത്രനാൾ ഞാൻ

നിങ്ങളുടെ കൂടെയുണ്ടായിരിക്കും! എത്രനാൾ ഞാൻ നിങ്ങളോടു ക്ഷമിച്ചിരിക്കും! അവനെ ഇവിടെ എന്റെ
അടുത്തു കൊണ്ടുവരിക.18 യേശു അവനെ ശാസിച്ചു. പിശാച് അവനെ വിട്ടുപോയി. തത്ക്ഷണം ബാലൻ
സുഖംപ്രാപിച്ചു.19 അനന്തരം ശിഷ്യൻമാർ തനിച്ച് യേശുവിനെ സമീപിച്ചു ചോദിച്ചു. എന്തുകൊണ്ടാണ്
അതിനെ ബഹിഷ്കരിക്കാൻ ഞങ്ങൾക്കു കഴിയാതെ പോയത്?20 യേശു പറഞ്ഞു: നിങ്ങളുടെ
അൽപവിശ്വാസം കൊണ്ടു തന്നെ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾക്കു
കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്, ഇവിടെ നിന്നു മാറി മറ്റൊരു സ്ഥലത്തേക്കു
പോവുക, എന്നു പറഞ്ഞാൽ അതു മാറിപ്പോകും.21 നിങ്ങൾക്ക്യാതൊന്നും അസാധ്യമായിരിക്കുകയില്ല.

## 28 - മത്സ്യത്തിന്റെ വായിൽ നിന്നും നാണയം എടുത്ത് നികുതി കൊടുക്കുന്നു.
(മത്തായി 17:24-27)

24 അവർ കഫർണാമിലെത്തിയപ്പോൾ ദേവാലയനികുതി പിരിക്കുന്നവർ പത്രോസിന്റെ അടുത്തുചെന്നു
ചോദിച്ചു: നിങ്ങളുടെ ഗുരു നികുതികൊടുക്കുന്നില്ലേ?25 അവൻ പറഞ്ഞു: ഉവ്വ്. പിന്നീടു വീട്ടിലെത്തിയപ്പോൾ
യേശു ചോദിച്ചു: ശിമയോനേ, നിനക്കെന്തു തോന്നുന്നു, ഭൂമിയിലെ രാജാക്കൻമാർ ആരിൽ നിന്നാണ്
നികുതിയോചുങ്കമോ പിരിക്കുന്നത്? തങ്ങളുടെ പുത്രൻമാരിൽ നിന്നോ, അന്യരിൽ നിന്നോ?26 അന്യരിൽ
നിന്ന് പത്രോസ് മറുപടി പറഞ്ഞു. യേശു തുടർന്നു: അപ്പോൾ പുത്രൻമാർ സ്വതന്ത്രരാണല്ലോ;27
എങ്കിലുംഅവർക്ക് ഇടർച്ചയുണ്ടാക്കാതിരിക്കാൻ നീ കടലിൽപോയി ചൂണ്ടയിടുക; ആദ്യം ലഭിക്കുന്ന
മത്സ്യത്തിന്റെ വായ് തുറക്കുമ്പോൾ ഒരു നാണയം കണ്ടെത്തും. അതെടുത്ത് എനിക്കും നിനക്കുംവേണ്ടി
അവർക്കു കൊടുക്കുക.

## 29 - അന്ധനും, ഊമനുമായ ഒരു പിശാചു ബാധിതനെ സുഖപ്പെടുത്തുന്നു.
(മത്തായി 12:22-23, ലൂക്കാ 11:14-23)

22 അനന്തരം, അന്ധനും ഊമനുമായ ഒരു പിശാചുബാധിതനെ അവർ യേശുവിന്റെ
അടുത്തുകൊണ്ടുവന്നു. യേശു അവനെ സുഖപ്പെടുത്തി. അവൻ സംസാരിക്കുകയും കാണുകയും ചെയ്തു.23
ജനക്കൂട്ടം മുഴുവൻ അദ്ഭുതപ്പെട്ടു പറഞ്ഞു: ഇവനായിരിക്കുമോ ദാവീദിന്റെ പുത്രൻ?

## 30 - കൂനുള്ള സ്ത്രീയെ സുഖപ്പെടുത്തുന്നു.
(ലൂക്കാ 13:10-17)

10 ഒരു സാബത്തിൽ അവൻ ഒരു സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരുന്നു.11 പതിനെട്ടു വർഷമായി ഒരു
ആത്മാവു ബാധിച്ച് രോഗിണിയായി നിവർന്നു നിൽക്കാൻ സാധിക്കാത്തവിധം കൂനിപ്പോയ ഒരുവൾ
അവിടെയുണ്ടായിരുന്നു.12 യേശു അവളെ കണ്ടപ്പോൾ അടുത്തുവിളിച്ചു പറഞ്ഞു: സ്ത്രീയേ, നിന്റെ
രോഗത്തിൽനിന്നു നീ മോചിക്കപ്പെട്ടിരിക്കുന്നു.13 അവൻ അവളുടെമേൽ കൈകൾവച്ചു. തത്ക്ഷണം
അവൾ നിവർന്നുനിൽക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു.14 യേശു സാബത്തിൽ രോഗം
സുഖപ്പെടുത്തിയതിൽ കോപിച്ച് സിനഗോഗധികാരി ജനങ്ങളോടു പറഞ്ഞു: ജോലി ചെയ്യാവുന്ന ആറു
ദിവസങ്ങൾ ഉണ്ട്. ആ ദിവസങ്ങളിൽ വന്ന് രോഗശാന്തി നേടിക്കൊള്ളുക; സാബത്തുദിവസം പാടില്ല.15
അപ്പോൾ കർത്താവു പറഞ്ഞു: കപടനാട്യക്കാരേ, നിങ്ങൾ ഓരോരുത്തരും സാബത്തിൽ കാളയെയോ
കഴുതയെയോ തൊഴുത്തിൽ നിന്നഴിച്ച് വെള്ളം കുടിപ്പിക്കാൻ കൊണ്ടു പോകുന്നില്ലേ?16 പതിനെട്ടുവർഷം
സാത്താൻ ബന്ധിച്ചിരുന്നവളായ അബ്രാഹത്തിന്റെ ഈ മകളെ സാബത്തു ദിവസം
അഴിച്ചുവിടേണ്ടതില്ലെന്നോ?17 ഇതുകേട്ട് അവന്റെ പ്രതിയോഗികളെല്ലാം ലജ്ജിതരായി. എന്നാൽ,
ജനക്കൂട്ടം മുഴുവൻ അവൻ ചെയ്തിരുന്ന മഹനീയ കൃത്യങ്ങളെക്കുറിച്ചു സന്തോഷിച്ചു.

## 31 - മഹോദരരോഗിയെ സുഖപ്പെടുത്തുന്നു.
(ലൂക്കാ 14:1-6)

1 ഒരു സാബത്തിൽ അവൻ ഫരിസേയപ്രമാണികളിൽ ഒരുവന്റെ വീട്ടിൽ ഭക്ഷ ണത്തിനുപോയി. അവർ
അവനെ ശ്രദ്ധിച്ചുകൊണ്ടിരുന്നു.2 അവിടെ ഒരു മഹോദര രോഗി ഉണ്ടായിരുന്നു.3 യേശു
നിയമജ്ഞരോടും ഫരിസേയരോടുമായി ചോദിച്ചു: സാബത്തിൽ രോഗശാന്തി നൽകുന്നത്

അനുവദനീയമോ അല്ലയോ?4 അവർ നിശ്ശബ്ദരായിരുന്നു. യേശു അവനെ അടുത്തുവിളിച്ച് സുഖപ്പെടുത്തി
അയച്ചു.5 അനന്തരം അവൻ അവരോടു ചോദിച്ചു: സാബത്തിൽ തന്റെ പുത്രനോ കാളയോ കിണറ്റിൽ
വീണാൽ ഉടൻ പിടിച്ചു കയറ്റാത്ത വനായി നിങ്ങളിൽ ആരുണ്ട്?6 മറുപടി പറയാൻ അവർക്കു
കഴിഞ്ഞില്ല.

## 32 -പത്തു കുഷ്ഠരോഗികളെ സുഖപ്പെടുത്തുന്നു.
(ലൂക്കാ 17:11-19)

11 ജറുസലെമിലേക്കുള്ളയാത്രയിൽ അവൻ സമരിയായ്ക്കും ഗലീലിക്കും മധ്യേ
കടന്നുപോവുകയായിരുന്നു.12 അവൻ ഒരു ഗ്രാമത്തിൽ പ്രവേശിച്ചപ്പോൾ അകലെ നിന്നിരുന്ന പത്തു
കുഷ്ഠരോഗികൾ അവനെക്കണ്ടു.13 അവർ സ്വരമുയർത്തി യേശുവേ, ഗുരോ, ഞങ്ങളിൽ കനിയണമേ
എന്ന് അപേക്ഷിച്ചു.14 അവരെക്ക ണ്ടപ്പോൾ അവൻ പറഞ്ഞു: പോയി നിങ്ങളെത്തന്നെ
പുരോഹിതൻമാർക്കു കാണിച്ചു കൊടുക്കുവിൻ. പോകുംവഴി അവർ സുഖം പ്രാപിച്ചു.15 അവരിൽ ഒരുവൻ ,
താൻ രോഗവിമുക്തനായി എന്നുകണ്ട് ഉച്ചത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടു തിരിച്ചുവന്നു.16 അവൻ
യേശുവിന്റെ കാൽക്കൽ സാഷ്ടാംഗം പ്രണമിച്ചു നന്ദി പറഞ്ഞു. അവൻ ഒരു സമരിയാക്കാരനായിരുന്നു.17
യേശു ചോദിച്ചു: പത്തുപേരല്ലേ സുഖപ്പെട്ടത്? ബാക്കി ഒൻപതു പേർ എവിടെ?18 ഈ
വിജാതീയനല്ലാതെ മറ്റാർക്കും തിരിച്ചുവന്നു ദൈവത്തെ മഹത്വപ്പെടുത്തണം എന്നു തോന്നിയില്ലേ?19
അനന്തരം, യേശു അവനോടു പറഞ്ഞു: എഴുന്നേറ്റു പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ
രക്ഷിച്ചിരിക്കുന്നു.

## 33 - ലാസറിനെ ഉയിർപ്പിക്കുന്നു.
(യോഹന്നാൻ 11:38-44)

38 യേശു വീണ്ടും നെടുവീർപ്പിട്ടുകൊണ്ടു ശവകുടീരത്തിങ്കൽ വന്നു. അത് ഒരു ഗുഹയായിരുന്നു.
അതിൻമേൽ ഒരു കല്ലും വച്ചിരുന്നു.39 യേശു പറഞ്ഞു: ആ കല്ലെടുത്തു മാറ്റുവിൻ. മരിച്ചയാളുടെ
സഹോദരിയായ മർത്താ പറഞ്ഞു: കർത്താവേ, ഇപ്പോൾ ദുർഗന്ധം ഉണ്ടായിരിക്കും. ഇത് നാലാം
ദിവസമാണ്.40 യേശു അവളോടു ചോദിച്ചു: വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കുമെന്നു ഞാൻ
നിന്നോടു പറഞ്ഞില്ലേ?41 അവർ കല്ലെടുത്തു മാറ്റി. യേശു കണ്ണുയർത്തി പറഞ്ഞു: പിതാവേ, അങ്ങ്
എന്റെ പ്രാർഥന ശ്രവിച്ചതിനാൽ ഞാൻ അങ്ങേക്കു നന്ദി പറയുന്നു.42 അങ്ങ് എന്റെ പ്രാർഥന എപ്പോഴും
ശ്രവിക്കുമെന്നും എനിക്കറിയാം. എന്നാൽ, എന്നെ അയച്ചത് അവിടുന്നാണെന്ന് ചുറ്റും നിൽക്കുന്ന ജനം
വിശ്വസിക്കുന്നതിനുവേണ്ടിയാണ് ഞാനിതു പറയുന്നത്.43 ഇതു പറഞ്ഞിട്ട് അവൻ ഉച്ചത്തിൽ പറഞ്ഞു:
ലാസറേ, പുറത്തു വരുക.44 അപ്പോൾ മരിച്ചവൻ പുറത്തു വന്നു. അവന്റെ കൈകാലുകൾ
നാടകൾകൊണ്ട് ബന്ധിക്കപ്പെട്ടും മുഖം തുണികൊണ്ട് ആവരണം ചെയ്യപ്പെട്ടുമിരുന്നു. യേശു അവരോടു
പറഞ്ഞു: അവന്റെ കെട്ടുകളഴിക്കുവിൻ. അവൻ പോകട്ടെ.

## 34 - ബർതിമേയൂസിനു കാഴ്ച നൽകുന്നു.
(മർക്കോസ് 10:46-52, മത്തായി 20:29-34, ലൂക്കാ 18:35-43)

46 അവർ ജറീക്കോയിലെത്തി. അവൻ ശിഷ്യരോടും വലിയ ഒരു ജനാവലിയോടും കൂടെ ജറീക്കോ വിട്ടു
പോകുമ്പോൾ തിമേയൂസിന്റെ പുത്രനായ ബർതിമേയൂസ് എന്ന അന്ധയാചകൻ വഴിയരികിൽ
ഇരിപ്പുണ്ടായിരുന്നു.47 നസറായനായ യേശുവാണു പോകുന്നതെന്നറിഞ്ഞപ്പോൾ അവൻ ഉച്ചത്തിൽ
വിളിച്ചുപറഞ്ഞു: ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ!48 നിശ്ശബ്ദനായിരിക്കുവാൻ
പറഞ്ഞുകൊണ്ട് പലരും അവനെ ശകാരിച്ചു. എന്നാൽ, അവൻ കൂടുതൽ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:
ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ!49 യേശു പെട്ടെന്ന് നിന്നിട്ടു പറഞ്ഞു: അവനെ വിളിക്കുക.
അവർ അന്ധനെ വിളിച്ച് അവനോടു പറഞ്ഞു: ധൈര്യമായിരിക്കു; എഴുന്നേൽക്കുക; യേശു നിന്നെ
വിളിക്കുന്നു.50 അവൻ പുറങ്കുപ്പായം ദൂരെയെറിഞ്ഞ്, കുതിച്ചുചാടി യേശുവിന്റെ അടുത്തെത്തി.51 യേശു
ചോദിച്ചു: ഞാൻ നിനക്കുവേണ്ടി എന്തുചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്? അന്ധൻ അവനോടു
പറഞ്ഞു: ഗുരോ, എനിക്കു കാഴ്ച വീണ്ടുകിട്ടണം.52 യേശു പറഞ്ഞു: നീ പൊയ്ക്കൊള്ളുക, നിന്റെ
വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. തത്ക്ഷണം അവനു കാഴ്ച ലഭിച്ചു. അവൻ യേശുവിനെ അനുഗമിച്ചു.

35 - അത്തിവൃക്ഷത്തെ ശപിക്കുന്നു. (മത്തായി 21:18-22, മർക്കോസ് 11:12-14)

18 പ്രഭാതത്തിൽ നഗരത്തിലേക്കു പോകുമ്പോൾ അവനു വിശന്നു.19 വഴിയരികിൽ ഒരു അത്തിവൃക്ഷം കണ്ട് അവൻ അതിന്റെ അടുത്തെത്തി. എന്നാൽ, അതിൽ ഇലകളല്ലാതെ ഒന്നും കണ്ടില്ല. അവൻ അതിനോടു പറഞ്ഞു: ഇനി ഒരിക്കലും നിന്നിൽ ഫലങ്ങളുണ്ടാകാതിരിക്കട്ടെ. ആ നിമിഷം തന്നെ ആ അത്തിവൃക്ഷം ഉണങ്ങിപ്പോയി.20 ഇതുകണ്ട് ശിഷ്യൻമാർ അത്ഭുതപ്പെട്ടു; ആ അത്തിവൃക്ഷം ഇത്രവേഗം ഉണങ്ങിപ്പോയതെങ്ങനെ എന്നു ചോദിച്ചു.21 യേശു പറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ വിശ്വസിക്കുകയും സംശയിക്കാതിരിക്കുകയും ചെയ്താൽ അത്തിവൃക്ഷത്തോടു ഞാൻ ചെയ്തതു മാത്രമല്ല നിങ്ങൾക്കു ചെയ്യാൻ കഴിയുക; ഈ മലയോട് ഇവിടെനിന്നു മാറി കടലിൽചെന്നു വീഴുക എന്നു നിങ്ങൾ പറഞ്ഞാൽ അതും സംഭവിക്കും.22 വിശ്വാസത്തോടെ പ്രാർഥിക്കുന്നതെല്ലാം നിങ്ങൾക്കു ലഭിക്കും.

36 - പ്രധാന പുരോഹിതന്റെ സേവകനെ വെട്ടി വലത്തുചെവി ഛേദിച്ചത് യേശു തൊട്ട് സുഖപ്പെടുത്തി. (ലൂക്കാ 22:50-51)

50 അവരിലൊരുവൻ പ്രധാന പുരോഹിതന്റെ സേവകനെ വെട്ടി അവന്റെ വലത്തുചെവി ഛേദിച്ചു.51 അതുകണ്ട് യേശു പറഞ്ഞു: നിർത്തു! അനന്തരം, യേശു അവന്റെ ചെവി തൊട്ട് അവനെ സുഖപ്പെടുത്തി.

37 - യേശു ഉയർപ്പിക്കപ്പെട്ട ശേഷം ശിഷ്യൻമാർക്കു പ്രത്യക്ഷപ്പെട്ട് കൽപ്പിച്ചതനുസരിച്ച് ശിഷ്യന്മാർ വള്ളത്തിന്റെ വലതുവശത്ത് വല ഇട്ടപ്പോൾ വലനിറയെ മത്സ്യം കിട്ടി. (യോഹന്നാൻ 21:4-14)
4 ഉഷസ്സായപ്പോൾ യേശു കടൽക്കരയിൽ വന്നു നിന്നു. എന്നാൽ, അതു യേശുവാണെന്നു ശിഷ്യൻമാർ അറിഞ്ഞില്ല.5 യേശു അവരോടു ചോദിച്ചു: കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ? ഇല്ല എന്ന് അവർ ഉത്തരം പറഞ്ഞു.6 അവൻ പറഞ്ഞു: വള്ളത്തിന്റെ വലത്തു വശത്തു വലയിടുക. അപ്പോൾ നിങ്ങൾക്കു കിട്ടും. അവർ വലയിട്ടു. അപ്പോൾ വലയിലകപ്പെട്ട മത്സ്യത്തിന്റെ ആധിക്യം നിമിത്തം അതു വലിച്ചു കയറ്റാൻ അവർക്കു കഴിഞ്ഞില്ല.7 യേശു സ്നേഹിച്ചിരുന്ന ആ ശിഷ്യൻ പത്രോസിനോടു പറഞ്ഞു: അതു കർത്താവാണ്. അതു കർത്താവാണെന്നുകേട്ടപ്പോൾ ശിമയോൻ പത്രോസ് താൻ നഗ്നനായിരുന്നതുകൊണ്ടു പുറങ്കുപ്പായം എടുത്തു ധരിച്ചു കടലിലേക്കു ചാടി.8 എന്നാൽ, മറ്റു ശിഷ്യൻമാർ മീൻ നിറഞ്ഞവലയും വലിച്ചുകൊണ്ടു വള്ളത്തിൽത്തന്നെ വന്നു. അവർ കരയിൽനിന്ന് ഏകദേശം ഇരുനൂറു മുഴത്തിലധികം അകലെയല്ലായിരുന്നു.9 കരയ്ക്കിറങ്ങിയപ്പോൾ തീകൂട്ടിയിരിക്കുന്നതും അതിൽ മീൻ വച്ചിരിക്കുന്നതും അപ്പവും അവർ കണ്ടു.10 യേശു പറഞ്ഞു: നിങ്ങൾ ഇപ്പോൾ പിടിച്ച മത്സ്യത്തിൽ കുറെ കൊണ്ടുവരുവിൻ.11 ഉടനെ ശിമയോൻപത്രോസ് വള്ളത്തിൽ കയറി വലിയ മത്സ്യങ്ങൾകൊണ്ടു നിറഞ്ഞവല വലിച്ചു കരയ്ക്കു കയറ്റി. അതിൽ നൂറ്റിയ മ്പത്തിമൂന്നു മത്സ്യങ്ങളുണ്ടായിരുന്നു. ഇത്രയധികം ഉണ്ടായിരുന്നിട്ടും വല കീറിയില്ല. 12 യേശു പറഞ്ഞു: വന്നു പ്രാതൽ കഴിക്കുവിൻ. ശിഷ്യൻമാരിലാരും അവനോട് നീ ആരാണ് എന്നു ചോദിക്കാൻമുതിർന്നില്ല; അതു കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു.13 യേശു വന്ന് അപ്പമെടുത്ത് അവർക്കു കൊടുത്തു; അതുപോലെതന്നെ മത്സ്യവും. 14 യേശു മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടശേഷം ശിഷ്യൻമാർക്കു പ്രത്യക്ഷപ്പെടുന്നത് ഇതു മൂന്നാം പ്രാവശ്യമാണ്.